<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>കേരള ബാങ്കിലെ ഒഴിവുള്ള തസ്തികകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിലെ നിലവിലെ ഒഴിവുള്ള തസ്തികകളിലേക്ക് നാളിതുവരെ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; | (എ) | വിവിധ തസ്തികകളിൽ മുൻ ജില്ലാ സഹകരണ ബാങ്കിൽ നിന്നും റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ നിരവധി കേസ്സുകൾ ബഹു: ഹൈക്കോടതി മുമ്പാകെ തീർപ്പാക്കുവാനുണ്ട്. നിയമ തടസ്സങ്ങൾ ഇല്ലാത്ത തസ്തികകളിലെ ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്ത് വരുന്നു. |
| (ബി) | കേരള ബാങ്കിൽ നിയമനങ്ങൾ നടത്തുന്നതിലേക്കായി ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ; | (ബി) | വിവിധ തസ്തികകളിൽ മുൻ ജില്ലാ സഹകരണ ബാങ്കിൽ നിന്നും റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ നിരവധി കേസ്സുകൾ ബഹു: ഹൈക്കോടതി മുമ്പാകെ തീർപ്പാക്കുവാനുണ്ട്. നിയമ തടസ്സങ്ങൾ ഇല്ലാത്ത തസ്തികകളിലെ ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്ത് വരുന്നു. |
| (സി) | കേരള ബാങ്കിലെ ക്ലർക്ക് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) | നിലവിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 355 ഒഴിവുകൾ ഉണ്ട്. എന്നാൽ മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും കോടതി വിധി പ്രകാരം പ്രൊവിഷണലായി 528 വേക്കൻസികൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 150 ഒഴിവുകൾ NCA/ അംഗപരിമിതർക്കായി മാറ്റി വെച്ചിട്ടുണ്ട്. ക്ലാർക്ക്/കാഷ്യർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന വിവിധ കേസ്സുകളുടെ തീർപ്പിന് വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ബാങ്കിൽ ക്ലാർക്ക് തസ്തികയ്ക്ക് മുകളിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ ഒഴിവുണ്ട്; അവ എത്രയെണ്ണമെന്ന് വിശദമാക്കാമോ; | (ഡി) | ഡെപ്യൂട്ടി ജനറൽ മാനേജർ - 22<br>പ്രൊജക്ട് സ്പെഷ്യലിസ്റ്റ് /ക്രെഡിറ്റ് സ്പെഷ്യലിസ്റ്റ് - 1<br>പ്രയോറിറ്റി സെക്ടർ ഓഫീസർ - 15<br>അസിസ്റ്റന്റ് മാനേജർ - 90<br>അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)- 1<br>അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) – 1 |

| | | | |
|---|---|---|---|
| | | | ഐ.ടി ഓഫീസർ - 1<br><br>മേൽപ്പറഞ്ഞ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട്ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ? | (ഇ) | ഡെപ്യൂട്ടി ജനറൽ മാനേജർ - 22<br><br>പ്രൊജക്റ്റ് സ്പെഷ്യലിസ്റ്റ് /ക്രെഡിറ്റ് സ്പെഷ്യലിസ്റ്റ് - 1<br><br>പ്രയോറിറ്റി സെക്ടർ ഓഫീസർ - 15<br><br>അസിസ്റ്റന്റ് മാനേജർ - 90<br><br>അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)- 1<br><br>അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) – 1<br><br>ഐ.ടി ഓഫീസർ - 1<br><br>മേൽപ്പറഞ്ഞ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ